# 'യഹോവയുടെ അടുക്കലേക്കു തിരിവിൻ'

## യോവേൽ 2:13

"വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ചു അനുതപിക്കും."

യോവേൽ പ്രവചന പുസ്തകം ആദ്യാവസാനം വായിക്കുമ്പോൾ, അതിക്രമങ്ങളാലും മറുതലിപ്പുകളാലും നിറഞ്ഞ തന്റെ ജനത്തിന്നു മുമ്പിൽ യഹോവയാം ദൈവം അരുളപ്പടു കൊടുക്കുന്നതായി നമുക്ക് കാണാം. തുള്ളനാലും വെട്ടുക്കിളിയാലും പച്ചപ്പുഴുവിനാലും തങ്ങളുടേതായ ധാന്യവിളകളും ശത്രുരാജ്യങ്ങളാൽ തങ്ങളുടെ ദേശവും തകർക്കപ്പെട്ട് നിൽക്കുന്ന ഒരു ജനതയോട് ദൈവം അരുളിച്ചെയ്യുന്ന വാക്യങ്ങളാണ് നാം മേൽ കണ്ടത്. യഹോവ ആവശ്യപ്പെടുന്ന ഒരു കാര്യമേ ഉള്ളൂ, ഹൃദയങ്ങളെ കീറി അവങ്കലേക്ക് തിരിയുക. അത് അനുസരിച്ചാൽ അവർ അനുഭവിക്കുന്നത് ദൈവത്തിന്റെ അളവറ്റ കൃപ, കരുണ, ദീർഘക്ഷമ, മഹാദയ എന്നിവ തന്നേ, കൂടാതെ തന്റെ ജനത്തോട് സഹതാപം തോന്നി അവൻ അവരുടെ ശത്രുക്കളെ ദൂരത്താക്കിക്കളയുകയും ചെയ്യുന്നു.

ഇത് വായിച്ച് ധ്യാനിക്കുമ്പോൾ നാം ഒന്നു ചിന്തിച്ചു നോക്കുക, നമ്മുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ നാം കീറാറുണ്ടോ? വാസ്തവത്തിൽ നാം നമ്മുടെ പുറം ചട്ട മാത്രം ദൈവസന്നിധിയിൽ കീറി, നമ്മുടെ അകമേയുള്ള മനുഷ്യനെ അതുപോലെ തന്നെ നിലനിർത്താൻ ശ്രമിക്കുന്നവരല്ലേ? ഒരു പക്ഷെ യെഹൂദയുടെ അനുസരണക്കേടിനുള്ള ദൈവത്തിന്റെ ന്യായവിധി എന്നു പറഞ്ഞ് നമുക്ക് ഒഴിഞ്ഞു മാറാൻ സാധിച്ചേക്കാം, എന്നാൽ ഇത് ഇന്നു ഞാനും നിങ്ങളും ആയിരിക്കുന്ന ഈ തലമുറയോടുള്ള ദൈവത്തിന്റെ അരുളപ്പാടായി നാം കാണണം. നമ്മുടെ ജീവിതങ്ങളെ വെട്ടുക്കിളിയും തുള്ളനുമൊന്നും നശിപ്പിക്കുകയില്ല എന്ന് നാം ചിന്തിച്ചേക്കാം എന്നാൽ മാനസാന്തരപ്പെടാത്ത, ദൈവത്തോട് അനുസരണയില്ലാത്ത ഹൃദയമുള്ള ഓരോ വ്യക്തിയും ഒന്ന് ഓർമ്മിക്കുക തങ്ങളുടെ ജീവിതത്തെ അവർ നാശത്തിലേക്കാണ് നയിക്കുന്നത്. ദൈവം ആഗ്രഹിക്കുന്നത് നാം താഴ്മയുള്ള മനസ്സും, മനസ്താപമുള്ള ഹൃദയവും ഉള്ളവരായിരിക്കേണം എന്നാണ്. അങ്ങനെ നാം നമ്മുടെ അതിക്രമങ്ങളും അനുസരണക്കേടുകളും വിട്ടുമാറുകയാണെങ്കിൽ ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിതാവും നമ്മെ ഓരോരുത്തരേയും സൃഷ്ടിച്ച് പരിപാലിക്കുന്നവനുമായ യഹോവയായ ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കുക തന്നെ ചെയ്യും.

പ്രിയരേ, ആദിമുതൽ നമ്മുടെ ദൈവത്തിന്റെ ആഗ്രഹം എന്നു പറയുന്നത് മനുഷ്യൻ തന്റെ ഹൃദയത്തെ അവനു പകർന്നു കൊടുക്കുക എന്നതാണ്. അതു കൊണ്ടു തന്നെയാണ് അവൻ നമ്മെ യാന്ത്രികമായ രീതിയിൽ സൃഷ്ടിക്കാതെ സ്വതന്ത്രമായ ഇച്ഛകളാൽ സൃഷ്ടിച്ചിരിക്കുന്നത്. നാം നമ്മുടെ ഇച്ഛകൾക്കനുസരിച്ച് അവനെ തിരഞ്ഞെടുക്കുകയും അനുഗമിക്കുകയും ചെയ്യണം എന്നു തന്നെയാണ് ദൈവം പ്രതീക്ഷിക്കുന്നത്. ആയതിനാൽ നമ്മുടെ പാപങ്ങളെ കഴുകി നമ്മെ വെടിപ്പാക്കാൻ, കർത്താവായ ക്രിസ്തു ചൊരിഞ്ഞ ആ നിഷ്കളങ്ക രക്തത്തിൽ വിശ്വാസമർപ്പിക്കാം. അതിലൂടെ ദൈവം നമ്മെ അവന്റെ മക്കളും സർവ്വത്തിനും അവകാശികളും ആക്കുന്നതോടൊപ്പം തന്റെ പുത്രനായ ക്രിസ്തുവിന്റെ കൂട്ടവകാശികളും ആക്കിത്തീർത്തിരിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

യിരെമ്യാവു 32:19

നീ ആലോചനയിൽ വലിയവനും പ്രവൃത്തിയിൽ ശക്തിമാനും അകുന്നു; ഓരോരുത്തന്നു അവനവന്റെ നടപ്പിന്നും പ്രവൃത്തികളുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കേണ്ടതിന്നു നീ മനുഷ്യരുടെ എല്ലാവഴികളിന്മേലും ദൃഷ്ടിവെക്കുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 123